പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 466 | 01/07/2013-ൽ മറുപടിക്ക്

## മൺസൂൺ കാലത്ത് ആദിവാസികൾ നേരിടേണ്ടി വരുന്ന പ്രയാസങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | കുമാരി.പി.കെ.ജയലക്ഷ്മി<br>[പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി] |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മൺസൂൺ കാലത്ത് ആദിവാസികൾ നേരിടേണ്ടിവരുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ; | (എ& ബി) | മൺസൂൺ കാലത്ത് (ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള നാല് മാസക്കാലയളവിൽ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ തൊഴിലില്ലായ്മ മൂലം പട്ടികവർഗ്ഗക്കാർക്കിടയിൽ ദാരിദ്ര്യവും, ഭക്ഷണക്ഷാമവും ഉണ്ടാകാതിരിക്കാൻ വേണ്ടി ഭക്ഷ്യസഹായ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയുടെ 60% ഭക്ഷ്യധാന്യത്തിനും, 40% കൂലിയുമാണ് നൽകിവരുന്നത്. 2013-14 സാമ്പത്തിക വർഷം ടി പദ്ധതി നടത്തുന്നതിനായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി മഴക്കാലത്ത് ദുരിതം അനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള 4 മാസങ്ങളിൽ ഭക്ഷ്യധാന്യങ്ങളും, കൂലിയും വിതരണം |
| (ബി) | മഴക്കാലത്ത് ആദിവാസികോളനികളിൽ ഉണ്ടാകാനിടയുള്ള ഭക്ഷ്യദൗർലഭ്യവും രോഗപീഡകളും നേരിടുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി എല്ലാ വർഷവും നടപ്പാക്കി വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ രോഗങ്ങൾ പടരുന്നത് തടയാനായി എല്ലാ എസ്.ടി പ്രൊമോട്ടർമാരും തങ്ങളുടെ പരിധിയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ സന്ദർശിച്ച് അസുഖമുള്ളവരെ ആശുപത്രിയിൽ എത്തിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുരുതരമായ പ്രശ്നങ്ങളുള്ള സങ്കേതങ്ങളിൽ ജില്ലാ കളക്ടറുടെയും, ജില്ലാ മെഡിക്കൽ ഓഫീസറുടെയും ശ്രദ്ധയിൽപ്പെടുത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ലഭ്യമായ മൊബൈൽ മെഡിക്കൽ യൂണിറ്റ്, പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വൈദ്യപരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മഴക്കാലരോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തി വരുന്നുണ്ട്.<br>അട്ടപ്പാടിയിൽ പോഷകാഹാരക്കുറവ് മൂലം നവജാത ശിശുക്കൾ മരിച്ചതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ അവിടെയുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 10 കിലോ അരിയും 2 കിലോ ചെറുപയർ വീതവും നൽകുകയും തുടർന്ന് അടുത്ത 4 മാസത്തേയ്ക്ക് പ്രതിമാസം 10 കിലോ റാഗി, 2 കിലോ ചെറുപയർ വീതം നൽകുന്നതിനു നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചിരുന്നോ; എങ്കിൽ യോഗത്തിൽ ചർച്ച ചെയ്ത പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ യോഗം എല്ലാ മാസവും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ വിളിക്കാറുണ്ട്. ടി യോഗത്തിൽ പട്ടികവർഗ്ഗ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അവലോകനം ചെയ്യുകയും അടിയന്തിര പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകാറുമുണ്ട്. 2013-14 വർഷം ഇത്തരത്തിൽ 17/4/13-നും തുടർന്ന് 29/5/13-നും യോഗം ചേർന്നിട്ടുള്ളതാണ്. 29/5/13-ലെ യോഗത്തിൽ ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ജില്ലാ മെഡിക്കൽ ഓഫീസർമാർക്കുപുറമെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെയും പങ്കെടുപ്പിക്കുകയും അവരുമായി പട്ടികവർഗ്ഗ മേഖലകളിലെ പ്രശ്നങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി ആശയവിനിമയം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ